കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം, തീയതി: 24.08.2017
Phone No: 0471-2331231

Email: lfadtvm@yahoo.in

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1780/2017

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവ യിലെ വ്യവസ്ഥകൾ പ്രകാരം പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെയും 3-ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

ഒപ്പ്

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉ.പ.സഹിതം),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്.

4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.4/1780/2017 തീയതി: 24.08.2017

## തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 8.10.2016മുതൽ 20.07.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവര ങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കി യിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ജമാലുദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 20.07.2017 മുതൽ 29-07-2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീമതി.ലതാകുമാരി.എം.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജയലക്ഷമി. ബി.കെ. സീ.ഗ്രേ.ഓഡിറ്റർ.

ശ്രീമതി.സീന. കെ, സീ.ഗ്രേ.ഓഡിറ്റർ.

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. മല്ലിക വിജയൻ | 01.04.2016മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.ഷാജി ബോൺസ്ലെ | 01.04.2016മുതൽ 16.05.2016 വരെ |
| | ശ്രീമതി. ദീപ. ഐ. | 17.05.2016 മുതൽ 05.07.2016 വരെ |
| | ശ്രീ.എസ്.ജയകുമാർ | 06.07.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര്, വിലാസം | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | സന്തോഷ് കുമാർ | 01.04.2016മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ബിന്ദു | 01.04.2016 മുതൽ 30.06.2016 വരെ |
| | ശ്രീമതി. അനശ്രീ | 01.07.2016 |

| | | |
|---|---|---|
| | | മുതൽ 30.09.2016 വരെ |
| | ശ്രീമതി. ശ്രീദേവി. ഐ. | 01.10.2016 മുതൽ 31.03.2017 വരെ |
| | ശ്രീമതി. ജീന. എ. | 07.10.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. സ്മിത | 01.04.2016 മുതൽ 24.05.2016 വരെ |
| | ശ്രീമതി. വിജയറാണി | 25.05.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. അനിൽകുമാർ | 01.04.2016 മുതൽ 03.07.2016 വരെ |
| | ഡോ.ഏവിസ് ഫിലിപ്പ്, പി.എച്ച്.സി.താന്നിവിള | 04.07.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഷീല | 01.04.2016 മുതൽ 07.09.2016 വരെ |
| | ഡോ.ആർ.സേതുമാധവൻ | 08.09.2016 മുതൽ |

| | | |
|---|---|---|
| | | 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി. രാജശ്രീ | 01.04.2016 മുതൽ 05.06.2016 വരെ |
| | കുമാരി ഷീല | 06.06.2016 മുതൽ 31.03.2017 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി. പ്രിയങ്ക | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 01 | ബജറ്റ് | 1-1 | |
| 02 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 03 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 04 | സാമ്പത്തിക വിശകലനം | 1-4 | |
| 05 | ഫണ്ട് വിനിയോഗം | 1-5 | |

| | | | |
|---|---|---|---|
| 06 | പദ്ധതി അവലോകനം. | 1-6 | |
| 07 | തനത് വരുമാനം. | 1-7 | |
| 08 | ക്ഷേമപദ്ധതികൾ | 1-8 | |
| 09 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | സഞ്ചയസോഫ്റ്റ് വെയറിൽ വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്-പഞ്ചായത്തിന്റെ വരുമാനത്തിൽ വൻ നഷ്ടം | 2-1 | |
| 13 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല. | 2-2 | |
| 14 | സ്ഥാപനതൊഴിൽ നികുതി കാര്യക്ഷമമായി ഈടാക്കുന്നില്ല | 2-3 | |
| 15 | തൊഴിൽനികുതി - അപാകതകൾ | 2-4 | |
| 16 | പാരാമെഡിക്കൽ രജിസ്ട്രേഷനില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-5 | |
| 17 | ഡി&ഒ ലൈസൻസ് നൽകുന്നതിലെ അപാകത | 2-6 | |

| | | | |
|---|---|---|---|
| 18 | കൃത്യമായി വാടക ഈടാക്കുന്നില്ല | 2-7 | |
| 19 | അഡ്വക്കേറ്റ് ഫീസ് നൽകിയപ്പോൾ വരുമാനനികുതി ഈടാക്കിയില്ല | 2-8 | |
| 20 | പഞ്ചായത്ത് ആഫീസിൽ സൂക്ഷിച്ചിരിക്കുന്ന തയ്യൽ മെഷീനുകൾ ലേലം ചെയ്ത് ഒഴിവാക്കേണ്ടതാണ് | 2-9 | |
| 21 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ - നിയന്ത്രണം ആശുപത്രി വികസന സമിതിയ്ക്ക് കൈമാറേണ്ടതാണ്. | 2-10 | |
| | ഭാഗം 3 | | |
| 22 | നോളജ്സെന്റർ ഇ-സാക്ഷരത പരിശീലനം മാർഗ്ഗരേഖയ്ക്ക് വിരുദ്ധം - 72000/- രൂപ നിരാകരിക്കുന്നു | 3-1 | |
| 23 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകൾ - ട്രഷറി ബിൽബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | 3-2 | |
| 24 | കമ്മിറ്റി മീറ്റിംഗിൽ ചർച്ച ചെയ്യാതെ മിനിട്സിൽ തീരുമാനം രേഖപ്പെടുത്തൽ- തുടർ അന്വേഷണം അനിവാര്യം | 3-3 | |
| 25 | ലാപ്ടോപ്പ് വിതരണം അവശേഷിക്കുന്ന ലാപ്ടോപ്പുകൾ വിതരണം | 3-4 | |

| | | | |
|---|---|---|---|
| | ചെയ്യേണ്ടതാണ്. | | |
| 26 | പൂങ്കോട് സ്വിമ്മിംഗ് പൂൾ ജീവനക്കാരുടെ കരാർ ഉടമ്പടി ഹാജരാക്കിയിട്ടില്ല. | 3-5 | |
| 27 | 'വിദ്യാ യാത്ര' പദ്ധതി വാങ്ങിയ സൈക്കിളുകൾ വിതരണം ചെയ്തിട്ടില്ല | 3-6 | |
| 28 | വാട്ടർ ടാങ്ക് സ്ഥാപിക്കാൻ വാങ്ങിയ ഭൂമി ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല | 3-7 | |
| 29 | മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല | 3-8 | |
| 30 | ഔഷധി ഔട്ട്‌ലെറ്റിലേക്ക് മരുന്നുവാങ്ങൽ | 3-9 | |
| 31 | ചെലവ് രേഖയുടെ അഭാവത്തിൽ 2,11,932/- രൂപ തടസ്സപ്പെടുത്തുന്നു | 3-10 | |
| 32 | വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്ടുകൾ- അപാകതകൾ | 3-11 | |
| 33 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതി - കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി ക്വട്ടേഷൻ അംഗീകരിച്ചു. | 3-12 | |
| 34 | പ്രോജക്ട് പ്രകാരമുള്ള യഥാർത്ഥ ചെലവ്തുകയും, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ്തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 3-13 | |

| | | | |
|---|---|---|---|
| | | | |
| | ഭാഗം 4 | | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 38 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 40 | ഓഡിറ്റ് റിക്കവറി | 4-6 | |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |

# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 30.03.2017ലെ 01-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 39,65,86,000/- രൂപ വരവും 37,90,12,000/-രൂപ ചെലവും നീക്കിയിരിപ്പ് 1,75,74,000/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 02.08.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| അനുബന്ധമായി ചേർത്തിട്ടുണ്ട് | | |

ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2015-16 സാമ്പത്തിക വർഷത്തെ Excess of income over expenditure-ന്റെ closing balance അല്ല 2016-17 സാമ്പത്തിക വർഷത്തെ Excess of income over expenditure-ന്റെ opening balance.
2. Receivables for Property Tax on non-residential building (arrear) 2015-16സാമ്പത്തിക വർഷം ഡിമാന്റ് ചെയ്തിട്ടില്ല.
3. Balance sheet B-4, B-17 എന്നിവ പെരുത്തപ്പെടുന്നില്ല.

4. പഞ്ചായത്തിന്റെ എല്ലാ ആസ്തി വിവരങ്ങളും ധനകാര്യപത്രികയിൽ ഉൾപ്പെടുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 2386743/-

വരവ് - 119599834/-

ആകെ - 121986577/-

ചെലവ് - 113989841/-

നീക്കിയിരിപ്പ് - 7996736/-

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 0 | 22021812 | 22021812 | 22021812 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 12098319 | 12098319 | 12098319 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 34737 | 34737 | 34737 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 17888274 | 17888274 | 17888274 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺറോഡ്) | 0 | 8083376 | 8083376 | 8083376 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11047656 | 11047656 | 11047656 | 0 |

| | | | | | |
|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 0 | 5497754 | 5497754 | 5497754 | 0 |
| എം.ജി.എൻ. ആർ.ജി.എസ്. | 28585 | 1596530 | 1625115 | 1513487 | 111628 |
| ബി.ഫണ്ട് | 0 | 1182360 | 1182360 | 1182360 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | 625085 | 15133824 | 15758909 | 11629166 | 4129743 |
| മറ്റുള്ളവ / തനത്ഫണ്ട് | 1733073 | 25015192 | 26748265 | 22992900 | 3755365 |
| ആകെ | 2386743 | 119599834 | 121986577 | 113989841 | 7996736 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി യത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീക രിച്ച പ്രോജ ക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 294 | 122233456 | 294 | 83178505 | 76 | - | - |

അംഗീകാരം ലഭിക്കുന്ന എല്ലാ പ്രോജക്കുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |

| | | | | |
|---|---|---|---|---|
| തൊഴിൽ നികുതി | 2840763 | 1762110 | 1078653 | - |
| കെട്ടിട നികുതി | 3416631 | 5718237 | 2301606 | - |
| നികുതിയേതര വരവുകൾ | | | | |
| ലേലം | 28600 | 1225 | 27375 | - |
| ഡി.ആന്റ്.ഓ.ലൈസൻസ് | 194800 | 152973 | 41827 | - |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1182360 | 1336 |
| കർഷകതൊഴിലാളി പെൻഷൻ | 3908310 | 728 |
| വിധവാപെൻഷൻ | 18363510 | 2154 |
| വാർദ്ധക്യകാലപെൻഷൻ | 31736815 | 4327 |
| വികലാംഗപെൻഷൻ | 5070895 | 566 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 546860 | 63 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) - വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.07.2017-ന് വൈകുന്നേരം 4.30 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22,619/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് സമയത്ത് വാർഷിക ധനകാര്യപത്രിക തയ്യാറാക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-10 തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രേഡേഴ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് തുടർ നിർമ്മാണ, മെയിന്റനൻസ് പണികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ പരിശോധിച്ച് മുൻഗണനാക്രമം പാലിച്ച് നിർവ്വഹിക്കേണ്ടതുമാണ്.

ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ ചട്ടങ്ങളിലെ വകുപ്പ് (13)പ്രകാരവും സംസ്ഥാന ആസൂത്രണബോർഡ് 1999ഡിസംബറിൽ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ പ്രകാരവുമുള്ള വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്.

സെക്രട്ടറി, വി.ഇ.ഒ, അസി.സെക്രട്ടറി, വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെ ചെലവ് വിവരങ്ങൾ യഥാർത്ഥ ചെലവ് രേഖകളുമായി പൊരുത്തപ്പെടുന്നില്ല. 2016-17-ൽ അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ ധാരാളം അപാകതകൾ കടന്നുകൂടുന്നതായി കാണുന്നു. പ്രോജക്ടിൽ ഡേറ്റാ എൻട്രി നടത്തുമ്പോൾ അപാകത കടന്നുകൂടാതിരിക്കാൻ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-09-2016മുതൽ 22-09-2016വരെ | 01-08-2016മുതൽ 31-08-2016വരെ | 18-10-2016 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07-11-2012മുതൽ 22-11-2012വരെ | 2007-08മുതൽ 2011-12വരെ | 27-06-2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്- പഞ്ചായത്തിന്റെ വരുമാനത്തിൽ വൻ നഷ്ടം.

14.01.2011-ലെ ജി.ഒ (ആർ.റ്റി)നം.19/2011/തസ്വഭവ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ പുതുക്കിയ വസ്തു നികുതി നിർണ്ണയം സഞ്ചയസോഫ്റ്റ് വെയറിൽ തെറ്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിൽ 200ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് 80/-രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. എന്നാൽ പഞ്ചായത്തിന്റെ സഞ്ചയസോഫ്റ്റ് വെയറിൽ (ഫോം 6) 60/-രൂപയും,50/-രൂപയും,40/-രൂപയുടെയും നിരക്കുകളിലാണ് നികുതി നിർണ്ണയം നടത്തി നികുതി ഈടാക്കിയിരിക്കുന്നത്. ആയതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/കെട്ടിട നം | സ്ഥാപനത്തിന്റെ/ഉടമയുടെ പേര് | തറ വിസ്തീർണം | (നൽകിയ നിരക്ക്)/ തുക | (നൽകേണ്ട നിരക്ക്)/തുക |
|---|---|---|---|---|---|
| 1 | 2/359 | സതേൺ ഗ്രാനൈറ്റ്സ്, മൂക്കുന്നിമല | 284.5 ച.മീ | (60/-) 17070/- | (80/-) 22760/- |
| 2 | 2/593 | ത്രിവേണി ഹോളോ ബ്രിക്സ്, മണലുവിള | 320ച.മി | (50/-) 16000/- | (80/-) 25600/- |
| 3 | 10/858 | നൂറുനിസ ബൈജു പനവിളാകത്ത് വീട് വടക്കേവിള | 240 ച.മി | (60/-) 14400/- | (80/-) 19200/- |
| 5 | 11/54 | ചന്ദ്രാനന്ദൻ ശങ്കരവിലാസം ബംഗ്ലാവ്,മുടവൂർപ്പാറ | 235.8.ച.മി | (40/-) 9432/- | (80/-) 18864/- |
| 6 | 11/901 | സഞ്ജീവൻ, അനിഴം ചന്തവിള, പൂങ്കോട്. | 202.7 ച.മി | (40/-) 8108/- | (80/-) 16216/- |

| | | | | | |
|---|---|---|---|---|---|
| 7 | 13/224 | ഫ്രെഡി, വർക്ക്ഷോപ്പ് | 275 ച.മി | (40/-) 11000/- | (80/-) 22000/- |
| 8 | 14/475 | ബിജു രമേഷ് | 500 ച.മീ | (60/-) 30000/- | (80/-) 40000/- |
| 9 | 14/721 | പോപ്പുലർ മെഗാ മോട്ടോഴ്സ് | 655 ച.മീ | (60/-) 39300/- | (80/-) 52400/- |
| 10 | 22/354 | എഡ്വിൻ ജഗൻ | 220 ച.മീ | (60/-) 13200/- | (80/-) 17600/- |
| 11 | 21/62 | പോപ്പുലർ മെഗാ മോട്ടോഴ്സ് | 1100 ച.മീ | (60/-) 66000/- | (80/-) 88000/- |

വസ്തു നികുതിയുടെ നിരക്കിനൊപ്പം വർദ്ധനവുകളും ഇളവുകളും ലൈബ്രറി സെസ് എന്നിവ ചേരുന്നതാണ് യഥാർത്ഥ നികുതി. മുകളിൽ പരാമർശിച്ച തുകയെക്കാളും വരും യഥാർത്ഥ നികുതി. മിക്കാവാറും എല്ലാ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കും ഇതേ രീതിയിൽ തന്നെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഓഡിറ്റ് എൻക്വയറി നം. 17 നുള്ള മറുപടിയിൽ ഡാറ്റാ എൻട്രി ചെയ്തപ്പോൾ വന്ന തെറ്റാണെന്നു അറിയിച്ചിരിക്കുന്നു.

ഈ വിഷയത്തിലേക്ക് അധികൃതരുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുകയും സഞ്ചയ സോഫ്റ്റ് വെയറിൽ പ്ലിന്ത് ഏര്യ അടിസ്ഥാനത്തിൽ മാറ്റം വരുത്തി വസ്തു നികുതി നിർണ്ണയം നടത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(2) ഒരു വർഷം കാലപ്പഴക്കമുള്ള കെട്ടിടങ്ങൾക്കും ARV യിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിരിക്കുന്നു.

പഞ്ചായത്തിന്റെ പരിധിയിലെ എറ്റവും പുതിയ കെട്ടിടങ്ങൾ വരെ ARV യിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിരിക്കുന്നു. അതു വഴി പഞ്ചായത്തിന്റെ വരുമാനത്തിൽ ഭീമമായ നഷ്ടമാണുണ്ടായിരിക്കുന്നത്. ഓഡിറ്റ് എൻക്വയറി നം.17 നുള്ള മറുപടിയിൽ ഡാറ്റാ എൻട്രി ചെയ്തപ്പോൾ വന്ന തെറ്റാണെന്നു അറിയിച്ചിരിക്കുന്നു. അസസ്സ്മെന്റ് രജിസ്റ്ററിൽ ARV യിൽ നികുതി നിർണ്ണയിക്കുമ്പോൾ യഥാർത്ഥ നികുതിയുടെ 1% താഴെ മാത്രമേ നികുതി വരുകയുള്ളു. ഉദാഹരണങ്ങൾ ചിലതു മാത്രം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/കെട്ടിട നം | ഉടമസ്ഥന്റെ പേര് | തറ വിസ്തീർണം | കാലപ്പഴക്കം | നിർണ്ണയിച്ച വാർഷിക നികുതി (വർദ്ധനവുകളും ഇളവുകളും | യഥാർത്ഥ വാർഷിക നികുതി (വർദ്ധനവുകളും ഇളവുകളും ലൈബ്രറി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | ലൈബ്രറി സെസ് ഉൾപ്പെടെ) | സെസ് ഉൾപ്പെടെ) കണക്കാക്കിയത് |
| 1 | 10/858 | നൂറുനിസ ബൈജു | 240 ച.മീ. | 1 വർഷം | 3453/-രൂപ | 24192/-രൂപ |
| 2 | 3/593 | രാധാകൃഷ്ണൻ നായർ | 320 ച.മീ. | 2 വർഷം | 13440/-രൂപ | 21504/-രൂപ |
| 3 | 13/224 | ഫ്രെഡി | 275 ച.മീ. | 1 വർഷം | 7056/-രൂപ | 18480/-രൂപ |
| 4 | 14/475 | ബിജു രമേശ് | 500 ച.മീ. | 1 വർഷം | 1260/-രൂപ | 46200/-രൂപ |
| 5 | 23/517 | സലാവുദ്ദീൻ | 225ച.മീ. | 3 വർഷം | 7560/-രൂപ | 22680/-രൂപ |

ഓഡിറ്റ് എൻക്വയറി നം.17 നുള്ള മറുപടിയിൽ ഡാറ്റാ എൻട്രി ചെയ്തപ്പോൾ വന്ന തെറ്റാണെന്ന് അറിയിച്ചിരിക്കുന്നു. ഈ വിഷയത്തിലേക്ക് അധികൃതരുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുകയും സഞ്ചയ സോഫ്റ്റ് വെയറിൽ മാറ്റം വരുത്തി വസ്തു നികുതി നിർണ്ണയം നടത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല

ജി.ഒ(എം.എസ്)നം.113/2009/ത.സ്വ.ഭ.വ, തിയതി. 02-01-2009 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ഗ്രാമപഞ്ചായത്ത് വസ്തുനികുതി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള 8 മൊബൈൽ ടവറുകളിൽ നിന്നും സ്ഥലവിസ്തൃതിയനുസരിച്ച് വസ്തുനികുതി ഈടാക്കുന്നില്ല. പഞ്ചായത്തിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കി പരിപാലിക്കേണ്ടതും സ്ഥലവിസ്തൃതി അനുസരിച്ച് വസ്തുനികുതിയീടാക്കി പഞ്ചായത്തിന്റെ തനതുവരുമാനം വർധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഓരോ അർദ്ധവർഷവും

സ്ഥാപനനികുതി ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 2016-17 സാമ്പത്തിക വർഷം സ്ഥാപനനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മുത്തൂറ്റ് ഫിൻ ലിമിറ്റഡ്, പ്രാവച്ചമ്പലം | 1 |
| 2 | മുത്തൂറ്റ് ഫിൻ ലിമിറ്റഡ്, കൊടിനട | 1, 2 |
| 3 | പള്ളിച്ചൽ ഫാർമേഴ്സ് സഹകരണബാങ്ക് | 2 |
| 4 | മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | 1, 2 |
| 5 | ചിത്ര ഹോസ്പിറ്റൽ | 1, 2 |
| 6 | പാർവ്വതി ഹോസ്പിറ്റൽ | 1, 2 |
| 7 | പ്രീതി കിച്ചൻ അപ്ലൈൻസസ് | 1 |
| 8 | രമ്യ കല്യാണമണ്ഡപം | 1, 2 |
| 9 | മഹാലക്ഷ്മി ഓഡിറ്റോറിയം | 1, 2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-4 <u>തൊഴിൽനികുതി - അപാകതകൾ</u>

(എ) തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2016-17-ൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷത്തേയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|

| | |
|---|---|
| | |
| മുത്തൂറ്റ് ഫിൻ ലിമിറ്റഡ്, പ്രാവച്ചമ്പലം | 1 |
| കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ | 1 |
| കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ, നരുവാമൂട് | 1 |
| സപ്ളൈകോ പെട്രോൾ പമ്പ് | 2 |

മേൽ പരാമർശിച്ചിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ബി) <u>തൊഴിൽനികുതി ഈടാക്കിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല</u>

തൊഴിൽനികുതി രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

| സ്ഥാപനം | അർദ്ധവർഷം | ഈടാക്കിയ തൊഴിൽനികുതി |
|---|---|---|
| പോപ്പുലാർ മെഗാമോട്ടോർസ് | 1 | 13,330/- |
| പോപ്പുലാർ മെഗാമോട്ടോർസ് | 1 | 34,730/- |
| യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് | 1 | 1,250/- |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 2-5 പാരാമെഡിക്കൽ രജിസ്ട്രേഷനില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 1997, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയും, പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല. ചട്ടം 5 പ്രകാരം അടുത്ത സാമ്പത്തികവർഷം ആരംഭിക്കുന്നതിന് മുൻപായി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. എന്നാൽ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ രജിസ്ട്രേഷൻ നടക്കുന്നതായി കാണുന്നില്ല. തൻവർഷം വെറും മൂന്ന് സ്ഥാപനങ്ങൾ (സ്വകാര്യ ആശുപത്രികൾ) മാത്രമേ രജിസ്ട്രേഷന് അപേക്ഷിച്ചിട്ടുള്ളു. ഇതിൽ ഒരു സ്ഥാപനത്തിന്റെ വിശദാംശം മാത്രമേ സൂക്ഷിച്ചിട്ടുള്ളു. പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യആശുപത്രികളുടേയും, സ്വകാര്യ ലാബുകളുടേയും രജിസ്ട്രേഷൻ നടത്താൻ വേണ്ട നടപടി സ്വീകരിക്കേണ്ടതും, ഇതിലേക്കായി പ്രത്യേക രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്.

## 2-6 ഡി&ഒ ലൈസൻസ് നൽകുന്നതിലെ അപാകത

പഞ്ചായത്തിലെ ട്രേഡേഴ്സ് രജിസ്റ്ററിൽ 412 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 215 സ്ഥാപനങ്ങൾ മാത്രമേ തൻവർഷം ലൈസൻസിനായി അപേക്ഷിച്ചിട്ടുള്ളു (2015-16-ൽ 357സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്). ഇതിൽ ഭൂരിഭാഗവും ചട്ടപ്രകാരമുള്ള സമയപരിധി കഴിഞ്ഞാണ് ലൈസൻസിനായി അപേക്ഷിച്ചിട്ടുള്ളത്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10(a)/17 തീയതി.27.07.2017) കരമന-കളിയിക്കാവിള റോഡ് വികസനത്തിന്റെ ഭാഗമായി നിരവധി വ്യാപാരസ്ഥാപനങ്ങൾ പൊളിച്ചുമാറ്റിയതിനാലാണ് ഇത്തരത്തിൽ സംഭവിച്ചതെന്നും, ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3പ്രകാരം പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് തലത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കേണ്ടതും, ചട്ടത്തിൽ അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ മേൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് പുതുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-7 കൃത്യമായി വാടക ഈടാക്കുന്നില്ല

പള്ളിച്ചൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ രണ്ട് ഓഡിറ്റോറിയങ്ങളും, ഒരു സ്റ്റേഡിയവും വാടകയ്ക്ക് നൽകുന്നുണ്ട്. ആയത് സബന്ധിച്ച് ഒരു രജിസ്റ്റർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. പ്രസ്തുത രജിസ്റ്ററിൽ 07.09.2016 മുതലുള്ള വിശദാംശം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. രജിസറ്റർ

പ്രകാരം വാടകയ്ക്ക് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്ന എല്ലാദിവസത്തേയും വാടകതുക പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടില്ല. ഓഡിറ്റോയത്തിന്റേയും, സ്റ്റേഡിയത്തിന്റേയും വാടക നിശ്ചയിച്ചത് സംബന്ധിച്ച വിശദാംശം ആവശ്യപ്പെട്ടുവെങ്കിലും (ഓഡിറ്റ് അന്വേഷണം നം. 06/17) ആയത് ലഭ്യമാക്കിയിട്ടില്ല.

വാടക ഈടാക്കിയത് സംബന്ധിച്ച് ഓരോ സാമ്പത്തിക വർഷത്തെയും പ്രത്യേകം കണക്കുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, ആയത് സംബന്ധിച്ച വിശദാംശം ആഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 2-8 അഡ്വക്കേറ്റ് ഫീസ് നൽകിയപ്പോൾ വരുമാന നികുതി ഈടാക്കിയില്ല

അഡ്വക്കേറ്റ് റ്റി.കെ. അനന്ത കൃഷ്ണന് വിവിധ കേസുകൾക്കുള്ള ഫീസിനത്തിൽ താഴെപ്പറയും പ്രകാരം ഫീസ് നൽകിയിട്ടുണ്ട്.

| ക്രമ നം. | കേസ് നം. | തുക | ചെക്ക് നം. |
|---|---|---|---|
| 1 | WP(C) No.38148/15 | 15,000/- | 20320/15.06.2016 |
| 2 | WP(C) No.38191/15 | 15,000/- | 20320/15.06.2016 |
| ആകെ | | 30,000/- | |

ഇൻകം ടാക്സ് ആക്ട് സെക്ഷൻ 140 (T) പ്രകാരം 30,000/-രൂപയോ അതിൽ കൂടുതലോ അഡ്വക്കേറ്റ് ഫീസ് നൽകുമ്പോൾ ആനുപാതികമായ വരുമാന നികുതി ഉറവിടത്തിൽ തന്നെ ഈടാക്കേണ്ടതാണ്. അതിനാൽ അഡ്വക്കേറ്റ് റ്റി.കെ. അനന്ത കൃഷ്ണനിൽ നിന്ന് 3,000/-രൂപ (10%) വരുമാന നികുതി ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 2-9 പഞ്ചായത്ത് ആഫീസിൽ സൂക്ഷിച്ചിരിക്കുന്ന തയ്യൽ മെഷീനുകൾ - ലേലം ചെയ്ത് ഒഴിവാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ കമ്മിറ്റി ഹാളിനോട് ചേർന്ന് 2 സിംഗർ തയ്യൽ മെഷീനുകൾ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. സിംഗർ ബ്രാൻഡിൽപ്പെട്ട മുന്തിയ ഇനത്തിലുള്ള ടി മെഷീനുകൾ വർഷങ്ങളായി പൊടി പിടിച്ച് ഉപേക്ഷിക്കപ്പെട്ട നിലയിലാണുള്ളത്. ആയവ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-10 പാരാമെഡിക്കൽ സ്ഥാപനങ്ങൾ - നിയന്ത്രണം ആശുപത്രി വികസന സമിതിയ്ക്ക് കൈമാറേണ്ടതാണ്.

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി.യിലും പള്ളിച്ചൽ, ഭഗവതിനട, നരുവാമൂട് സബ്സെന്ററുകളിലുമായി ആകെ 4 ലാബുകൾ പ്രവർത്തിച്ച വരുന്നു. കൂടാതെ പി.എച്ച്.സി.യിൽ ഒരു എക്സ്റേ യൂണിറ്റും പ്രവർത്തിച്ചു വരുന്നു. ഈ അഞ്ചു സ്ഥാപനങ്ങളിലെയും താൽക്കാലിക ജീവനക്കാർക്ക് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്ന് വേതനം നൽകിവരുന്നു. ടി സ്ഥാപനങ്ങളിൽ ഈടാക്കുന്ന ഫീസ് നിലവിൽ പഞ്ചായത്തു ഫണ്ടിൽ ഒടുക്കി വരുന്നു. ആശുപത്രിയോടനുബന്ധിച്ചുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ദൈനംദിന പരിപാലനം ആശുപത്രി വികസന സമിതിയുടെ ചുമതലയാണ്. അതിനാൽ ആശുപത്രി വികസന സമിതി ശക്തിപ്പെടുത്തി ടി സ്ഥാപനങ്ങളുടെ നിയന്ത്രണം H.M.C.യ്ക്ക് കൈമാറാനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 നോളജ് സെന്റർ ഇ-സാക്ഷരതാ പരിശീലനം മാർഗ്ഗ രേഖകൾക്കു വിരുദ്ധം - 72,000/-രൂപ നിരാകരിക്കുന്നു.

പദ്ധതിയുടെ പേര് - നോളജ് സെന്റർ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 75,000/-

ചെലവു തുക - 72,000/-

ഫണ്ട് - തനതു ഫണ്ട്

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ തുടർ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഇ-സാക്ഷകരതാ കേന്ദ്രങ്ങളിൽ ഇന്റർനെറ്റിന്റെ സഹായത്തോടെ യുവതീയുവാക്കൾക്ക് വിവര സാങ്കേതിക വിദ്യയിലും എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റിയിലും പ്രാവീണ്യം നേടിക്കൊടുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലനങ്ങൾക്ക് പണം ചെലവഴിക്കുക എന്നത് 12-ാം പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. എന്നാൽ 72,000/-രൂപ ചെലവഴിച്ചിട്ടുള്ളത് ഹെൽപ് ഡെസ്ക് വോളന്റിയർക്ക് പ്രതിമാസ ഓണറേറിയം നൽകാനാണ്. തനതു ഫണ്ട് വൗച്ചറുകളിലൂടെയാണ് എല്ലാ മാസവും തുക നൽകിയിട്ടുള്ളത്. നോളജ് സെന്ററിന്റെ ഗുണഭോക്താക്കളുടെ വിശദാംശങ്ങളോ, അവർക്ക് ഏതു വിഷയത്തിൽ എത്ര മാത്രം പ്രാവീണ്യം ലഭിച്ചു എന്നതു സംബന്ധിച്ചോ വിവരങ്ങൾ ലഭ്യമല്ല. Expenditure Statement പ്രകാരം ടി പദ്ധതിക്ക് 48,000/- രൂപയേ ചെലവു വന്നിട്ടുള്ളൂ. ചുരുക്കത്തിൽ ഒരാൾക്ക് ഓണറേറിയമായി 72,000/-രൂപ നൽകി എന്നതൊഴിച്ചാൽ ടി പദ്ധതികൊണ്ട് യാതൊരു വിധ പ്രയോജനവും ഉണ്ടായിട്ടില്ല. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം./തീയതി | തുക |
|---|---|---|

| | | |
|---|---|---|
| 1 | 11740/20.09.2016 | 12000/- |
| 2 | 18501/11.01.2017 | 24000/- |
| 3 | 18567/20.01.2017 | 24000/- |
| 4 | 855201/22.04.2017 | 12000/- |
| | ആകെ | 72000/- |

മേൽ തുകയുടെ ചെലവിന് തൃപ്തികരമായി വിശദീകരണം നൽകാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിലനിർത്തുന്നതാണ്.

## 3-2 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകൾ ട്രഷറി ബിൽ ബുക്ക് ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

2016-17 കാലയളവിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ 14 പ്രോജക്ടുകളിലായി ആകെ 1,14,32,221/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ട്രഷറി ബിൽ ബുക്ക് ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ബിൽ ബുക്ക് നഷ്ടപ്പെട്ടു പോയതിനാൽ ട്രഷറിയിൽ നിന്നും നൽകിയ ഡ്യൂപ്ലിക്കേറ്റ് ഓഡിറ്റിനു ഹാജരാക്കി. എന്നാൽ ടി ബിൽ ബുക്കിലെ രേഖപ്പെടുത്തലുകൾ ട്രഷറി ഓഫീസിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ അസിസ്റ്റന്റ് സെക്രട്ടറി തൻവർഷം 14 പ്രോജക്ടുകളിലായി ചെലവഴിച്ച 1,14,32,221/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 കമ്മിറ്റി മീറ്റിംഗിൽ ചർച്ച ചെയ്യാതെ മിനിട്സിൽ തീരുമാനം രേഖപ്പെടുത്തൽ തുടർ അന്വേഷണം അനിവാര്യം.

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ ജനറൽ കമ്മിറ്റി 30.04.2016-ൽ ആകെ 24 (III-24) തീരുമാനങ്ങൾ കൈക്കൊണ്ടതായി മിനിട്സിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ തീരുമാനം നം.III-16 വരെ മാത്രമേ കമ്മിറ്റിയിൽ വച്ചു ചർച്ച ചെയ്തിട്ടുള്ളൂ എന്ന് മിനിട്സിന്റെ 230, 231 പേജുകളിൽ പ്രസിഡന്റ് രേഖപ്പെടുത്തിയിട്ടുണ്ട്.

"പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ ജനറൽ മീറ്റിംഗിൽ ചർച്ച ചെയ്യാതെ മിനിട്ട്സിൽ വന്ന 30.04.2014-ലെ തീരുമാനം III-ലെ 17,19,20,21 എന്നീ തീരുമാനങ്ങളും 30.05.2016-ലെ V(a) നമ്പർ തീരുമാനം ഇവയെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിനു വേണ്ടി കമ്മിറ്റി ഐക്യകണ്ഠ്യേന തീരുമാനിച്ചു". എന്ന് മിനിട്സ് പേജ് നം.266-ൽ രേഖപ്പെടുത്തിയിരിക്കുന്നു. "06.06.2016-ലെ III(50) നമ്പർ തീരുമാനപ്രകാരം പ്രഭാതഭക്ഷണത്തിനുള്ള ക്വട്ടേഷൻ അംഗീകരിച്ചതായി കമ്മിറ്റി തീരുമാനം രേഖപ്പെടുത്തിയിരിക്കുന്നു. ഇത്തരത്തിൽ ഒരു തീരുമാനം ഉണ്ടായിട്ടില്ല". എന്ന് മിനിട്സ് ബുക്ക് പേജ് 267-ൽ രേഖപ്പെടുത്തിയിരിക്കുന്നു.

പഞ്ചായത്തിന്റെ മിനിട്സിൽ അനധികൃതമായി തീരുമാനങ്ങൾ എഴുതിച്ചേർക്കുന്നതായി മേൽപ്പറഞ്ഞ ഉദാഹരണങ്ങളിൽ നിന്നും വ്യക്തമാണ്. ഇക്കാര്യത്തിൽ ഭരണ വകുപ്പിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

## 3-4 ലാപ്ടോപ്പ് വിതരണം - അവശേഷിക്കുന്ന 2 ലാപ്ടോപ്പുകൾ വിതരണം ചെയ്യേണ്ടതാണ്.

1. അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ട് നം.S0163/17-ൽ ഉൾപ്പെടുത്തി പട്ടികജാതി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി ആകെ 49 ലാപ്ടോപ്പുകൾ വാങ്ങി. ഗുണഭോക്തൃ ലിസ്റ്റിൽ 49 ഗുണഭോക്താക്കളുണ്ടായിരുന്നു. അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം 47 ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 2 ലാപ്ടോപ്പുകൾ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നം.13-ന് നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നു. ടി കമ്പ്യൂട്ടറുകൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് എത്രയും വേഗം വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നടപടിയുടെ പുരോഗതി ആഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ലാപ്ടോപ്പ് വിതരണം - പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമല്ല.

   മേൽ പ്രോജക്ട് ഗുണഭോക്താക്കളായ 49 വിദ്യാർത്ഥികൾ മുൻപ് ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടോ എന്നു വ്യക്തമാക്കുന്ന സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, പട്ടികജാതി വകുപ്പ് കോളേജുകൾ മുഖേനയാണ് നൽകി വരുന്നതെന്നും, അതിനാൽ കോളേജിൽ നിന്ന് ലാപ്ടോപ്പ് ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കിയ ശേഷമാണ് ആയതു വിതരണം ചെയ്തതെന്നും ഓഡിറ്റ് എൻക്വയറി നം.7-ന് നൽകിയ മറുപടിയിൽ പറയുന്നു. മേലിൽ ഈ അപാകം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 പൂങ്കോട് സ്വിമ്മിംഗ് പൂൾ ജീവനക്കാരുടെ കരാർ ഉടമ്പടി ഹാജരാക്കിയിട്ടില്ല

1. പൂങ്കോട് സ്വിമ്മിംഗ് പൂളിൽ ആകെ 9 താൽക്കാലിക ജീവനക്കാരെ നിയമിച്ച് തനത് ഫണ്ടിൽ നിന്നു വേതനം നൽകി വരുന്നു. എന്നാൽ 2016-17 വർഷം, സേവന വേതന വ്യവസ്ഥകൾ വ്യക്തമാക്കി ടി ജീവനക്കാരുമായി ഒപ്പു വെച്ച കരാർ ഉടമ്പടി ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ജീവനക്കാരുമായി യഥാസമയം കരാർ രൂപീകരിക്കാൻ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

2. പൂങ്കോട് സ്വിമ്മിംഗ് പൂൾ ശുചീകരണത്തിന് ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കണം.

   പ്രോജക്ട് നം.236/17 പ്രകാരം 2016-17 വർഷം പൂങ്കോട് സ്വിമ്മിംഗ് പൂൾ പരിപാലനത്തിന്

7,75,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. 9 ജീവനക്കാരുടെ വേതനത്തിനും ശുചീകരണത്തിനാവശ്യമായ രാസവസ്തുക്കൾ വാങ്ങുന്നതിനുമാണ് ടി തുക ചെലവഴിച്ചിട്ടുള്ളത്. ശുചീകരണ സാമഗ്രികൾ വാങ്ങുന്നതിന് പ്രതിമാസം ശരാശരി 25,000/-രൂപ നിരക്കിൽ ചെലവഴിച്ച് വരുന്നുവെങ്കിലും, ശുചീകരണം ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പിക്കാൻ കഴിയുന്നില്ല. അതിനാൽ വരും വർഷങ്ങളിൽ തെരഞ്ഞെടുത്ത പ്രൊഫഷണൽ ഏജൻസികളെ വാർഷിക പരിപാലന കരാർ വ്യവസ്ഥയിൽ ടി ജോലി ഏല്പിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

## 3-6 'വിദ്യായാത്ര' പദ്ധതി-വാങ്ങിയ സൈക്കിളുകൾ വിതരണം ചെയ്തിട്ടില്ല.

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി ജനറൽ, എസ്.സി.പി. വിഭാഗം കുട്ടികൾക്ക് സൈക്കിൾ വാങ്ങി നൽകുന്ന രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ കമ്മിറ്റി ഹാളിനോടു ചേർന്ന ഹാളിൽ 2 സൈക്കിളുകൾ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. കൂടാതെ കൃഷി ഭവനിൽ 15 സൈക്കിളുകൾ സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്താഫീസിൽ സൂക്ഷിച്ചിട്ടുള്ള സൈക്കിളുകൾ 2015-16 വർഷം വാങ്ങിയിട്ടുള്ളവയാണ്. പ്രസ്തുത രണ്ട് സൈക്കിളുകൾ ഉൾപ്പെടെ എല്ലാ സൈക്കിളുകളും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 വാട്ടർ ടാങ്ക് സ്ഥാപിക്കാൻ വാങ്ങിയ ഭൂമി ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല

പൂവട പൊഴിയിൽ വാട്ടർ ടാങ്ക് വാങ്ങുന്നതിന് പ്രോജക്ട് നം.294/17 പ്രകാരം

935512.50/-രൂപ ചെലവഴിച്ചിട്ടുണ്ട്. സെക്രട്ടറി നിർവ്വഹണ ഉദ്യാഗസ്ഥനായി ടി പ്രോജക്ടു പ്രകാരം 12.5 സെന്റ് ഭൂമിയാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ടി ഭൂമി ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടി ഉണ്ടാകേണ്ടതാണ്.

## 3-8 മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല

പഞ്ചായത്തിന് കീഴിലുള്ള വിവിധ ആരോഗ്യസ്ഥാപനങ്ങളിലേക്ക്
മരുന്നുവാങ്ങുന്നതിലേക്കായി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ
പ്രകാരം മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമായിട്ടില്ല.
വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | അടങ്കൽ/ ചെലവ് | തുക നൽകിയിരിക്കുന്ന സ്ഥാപനം | അപാകത |
|---|---|---|---|
| 191/17 | അടങ്കൽ- | ഹോംകോയ്ക്ക് | മരുന്ന് |

| | | | |
|---|---|---|---|
| (ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ) | 2,00,000/- ചെലവ്- 2,00,000/- | 2,00,000/- രൂപ നൽകിയിരിക്കുന്നു | ലഭിച്ചിട്ടില്ല |
| 172/17 (ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ) | അടങ്കൽ- 10,00,000/- ചെലവ്- 10,00,000/- | ഔഷധിക്ക് 10,00,000/- രൂപ നൽകിയിരിക്കുന്നു | 6,96,740/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ |
| 237/17 (ഔഷധി ഔട്ട്ലെറ്റിലേക്ക് മരുന്ന് വാങ്ങൽ) | അടങ്കൽ- 3,50,000/- ചെലവ്- 2,69,945/- | ഔഷധിക്ക് 2,44,445/- രൂപ നൽകിയിരിക്കുന്നു | 1,94,636/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ |
| 53/17 (പാലിയേറ്റീവ് പരിചരണം) | അടങ്കൽ- 10,17,000/- ചെലവ്- 7,28,750/- | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 4,53,000/- രൂപ നൽകിയിരിക്കുന്നു | 3,88,830/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ |

കാലതാമസം കൂടാതെ മരുന്ന് ലഭ്യമാക്കാനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതുവരെ 6,17,239/-രൂപയുടെ ചെലവ്തടസ്സത്തിൽ വയ്ക്കുന്നു.

## 3-9 ഔഷധി ഔട്ട്ലെറ്റിലേക്ക് മരുന്നുവാങ്ങൽ

പ്രോജക്ട് നം. - 237/17

അടങ്കൽ - 3,50,000/-

ചെലവ് - 2,69,945/- (ബിൽ നം. 4/16-17 തീയതി.27.02.2017

ബിൽ നം. 6/16-17 തീയതി.18.03.2017

ചെക്ക് നം.- 18528 തീയതി.25.01.2017

ചെക്ക് നം.- 18551 തീയതി.13.02.2017

ചെക്ക് നം.- 20040 തീയതി.31.03.2017)

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

ആയുർവേദ ആശുപത്രിയോടുചേർന്നുള്ള പഞ്ചായത്തിന്റെ ഔഷധി ഔട്ട്ലെറ്റ് വഴി

പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് മരുന്ന് ലഭ്യമാക്കുകയെന്നതാണ് പ്രോജക്ട് ലക്ഷ്യമാക്കുന്നത്. പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങൽ, ഔട്ട്ലെറ്റിലെ സെയിൽസ് ഗേളിന് ഓണറേറിയം നൽകൽ എന്നിവയ്ക്കാണ് തുക ചെലവഴിച്ചിരിക്കുന്നത്. മേൽ പ്രോജക്ട് പരിശോധിച്ചതിൽ ചുവടെചേർക്കുന്ന അപാകതകൾ കാണുന്നു.

1. 23.03.2015-ൽ പ്രവർത്തനമാരംഭിച്ച ഔട്ട്ലെറ്റ് പ്രവർത്തിപ്പിക്കാൻ സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ല.
2. രജിസ്റ്റർ ചെയ്ത ഫാർമസിസ്റ്റിന്റെ സേവനം ലഭ്യമാക്കിയിട്ടില്ല
3. മരുന്ന് വാങ്ങുന്നതിലേക്കായി തൻവർഷം 2,44,445/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഔട്ട്ലെറ്റ് വഴി മരുന്ന് വിറ്റഴിച്ച് ലഭിക്കുന്ന തുക പഞ്ചായത്ത്ഫണ്ടിൽ അടയ്ക്കുകയാണ് ചെയ്യുന്നത് (ഏകദേശം ഒരു മാസത്തോളം തുക കൈവശം വച്ചശേഷമാണ് പഞ്ചായത്ത്ഫണ്ടിൽ അടയ്ക്കുന്നത്).
4. മരുന്ന് വിറ്റഴിക്കുന്നതിലേക്ക് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും പ്രിന്റ് ചെയ്യുന്ന രസീത്ബുക്കിന് പകരം സ്വകാര്യ പ്രസ്സിൽ നിന്നും പ്രിന്റ് ചെയ്യുന്ന രസീത്ബുക്കാണ് ഉപയോഗിക്കുന്നത്. ആയതിനാൽ പിരിക്കുന്ന തുക മുഴുവനും പഞ്ചായത്ത്ഫണ്ടിൽ അടവാക്കുന്നുണ്ടോയെന്നതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
5. സാധുക്കളായ രോഗികൾക്ക് മരുന്ന് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിലേക്ക് തൻവർഷം 10,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. മെഡിക്കൽ സ്റ്റോറിൽ വിൽപ്പന നടത്തുന്നതിനും, ആശുപത്രികളിൽ സൗജന്യ വിതരണത്തിനുള്ള മരുന്ന വാങ്ങാനുള്ള രണ്ടു പ്രോജക്ടുകൾ രണ്ടു വ്യത്യസ്ത ഇംപ്ലിമെന്റിംഗ് ഓഫീസർമാരെ ചുമതലപ്പെടുത്തേണ്ടതാണ്. ഈ ഔട്ട്ലെറ്റ് വഴിയുള്ള മരുന്ന് വിൽപ്പനയിലൂടെ എന്ത് പൊതുജനസേവനമാണ് ലക്ഷ്യമാക്കുന്നതെന്ന് വ്യക്തമല്ല. ആയുർവേദാശുപത്രിയിൽതന്നെ വാണിജ്യസ്വഭാവമുള്ള മെഡിക്കൽസ്റ്റോർ പ്രവർത്തിക്കുന്നത് സൗജന്യ വിതരണം ഉദ്ദേശിക്കപ്പെട്ട് വാങ്ങിയമരുന്നിന്റെ ദുരുപയോഗത്തിലേക്ക് വഴിതെളിക്കാനുള്ള സാധ്യത വളരെക്കൂടുതലാണ്.
6. ന്യായവില മെഡിക്കൽസ്റ്റോർ നടത്തുന്നത് പഞ്ചായത്തിന്റെ സേവനപരിധിയിലുള്ള കാര്യമല്ല.
7. പ്രസ്തുത മെഡിക്കൽസ്റ്റോറിൽ കംപ്യൂട്ടർ ബില്ലിംഗ് ഏർപ്പെടുത്താത്തതിനാൽ നികുതി സംബന്ധിച്ച് ആശയക്കുഴപ്പം സംഭവിക്കാനിടയുണ്ട്.

മേൽ വിഷയം സംബന്ധിച്ചും, ഔട്ട്ലെറ്റ് ആരംഭിക്കാൻ സർക്കാർ അനുമതി ലഭിച്ചതിന്റേയും വിശദാംശം ഓഡിറ്റ് അന്വേഷണം(19) വഴി ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മെഡിക്കൽസ്റ്റോർ പ്രവർത്തനം HMC-യെയോ, കുടുംബശ്രീയേയോ ഏൽപ്പിക്കേണ്ടതാണ്. അങ്ങനെ ചെയ്യുമ്പോൾ ഷോപ്പിന് വാടക ഈടാക്കേണ്ടതുമാണ്. മറ്റേതു പഞ്ചായത്തിനേക്കാളും ഉയർന്ന തുകയാണ് പള്ളിച്ചൽ പഞ്ചായത്തിൽ സൗജന്യ മരുന്നു വിതരണത്തിന് ചെലവഴിക്കുന്നത് എന്നതു ശ്രദ്ധേയമാണ്.

## 3-10 ചെലവ് രേഖയുടെ അഭാവത്തിൽ 2,11,932/- രൂപ തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ ചുവടെചേർക്കുന്ന പ്രോജക്ടുകളിൽ ചെലവ് രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം | അടങ്കൽ / ചെലവ് | ചെക്ക് നം./തീയതി (ചെലവ് തുക) | അപാകതകൾ | തടസ്സപ്പെടുത്തുന്ന തുക |
|---|---|---|---|---|
| 171/17 (ആരോഗ്യവർക്കർമാരുടെ സേവനം മെച്ചപ്പെടുത്തൽ) | 2,00,000/- 1,97,870/- | 1034784/8.9.2016-(29,640/-) 18551/13.2.2017 –(48,000/-) 18581/6.3.2017-(39,770/-) 20040/31.3.2017-(22,500/-) 22278/22.12.2016-(57,960/-) | വ്യക്തമായ ചെലവ് രേഖകൾ ഹാരാക്കാത്തതിനാൽ മുഴുവൻ ചെലവ് തുകയും തടസ്സപ്പെടുത്തുന്നു | 1,97,870/- |
| 177/17 (പി.എച്ച്.സി ക്ലിനിക്കൽ ലാബ്) | 3,00,000/- 2,86,380/- | 1034784/8.9.2016-(36,000/-) 22283/24.12.2016-(73,793/-) 18551/13.2.2017 –(62,759/-) 18581/6.3.2017-(15,538/-) 20040/31.3.2017-(21,565/-) | 14062/- രൂപയുടെ ചെലവ് രേഖ സൂക്ഷിച്ചിട്ടില്ല | 14,062/- |

| | |
|---|---|
| ആകെ | 2,11,932/- |

രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാനാവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്ടുകൾ-അപാകതകൾ

(a)പി.എം.എ.വൈ പദ്ധതി - തുക തടസ്സപ്പെടുത്തുന്നു

പി.എം.എ.വൈ പദ്ധതികൾക്കായി ചുവടെചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം തുക ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നുമുള്ള കൈപ്പറ്റ് വിവരമോ, ധനവിനിയോഗസാക്ഷ്യപത്രമോ സൂക്ഷിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ | കൈമാറിയ തുക | ബിൽ നം./ തീയതി. |
|---|---|---|---|
| 49/17<br>(പി.എം.എ.വൈ ഭവനപദ്ധതി ന്യൂനപക്ഷം അധികവിഹിതം) | 60,000/-<br>(വികസനഫണ്ട് (ജനറൽ) | 60,000/- | 6/16-17 തീയതി.21.02.2017 |
| 310/17<br>(പി.എം.എ.വൈ ഭവനപദ്ധതി ന്യൂനപക്ഷം) | 20,000/-<br>(വികസനഫണ്ട് (ജനറൽ) | 20,000/- | 12/16-17 തീയതി.23.02.2017 |

രേഖകളുടെ അഭാവത്തിൽ 80,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

(b)വ്യക്തമായ ചെലവ് രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

ശുചിത്വകക്കൂസ് നിർമ്മാണവുമായി ബന്ധപ്പെട്ട് വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ വ്യകതമായ ചെലവ് രേഖകൾ സൂക്ഷിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | പ്രോജക്ട് നം. | 199/17(കക്കൂസ് നിർമ്മാണം) |

| | | |
|---|---|---|
| | | |
| | അടങ്കൽ | 15,70,800/- (വികസനഫണ്ട്(ജനറൽ)-1,600/-, ധനകാര്യ കമ്മീഷൻ ഗ്രാന്റ്15,40,000/-, തനത് ഫണ്ട്- 14,800/- ) |
| | ചെലവ് | 15,70,800/- (എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) |
| 2 | പ്രോജക്ട് നം. | 233/17 (കക്കൂസ് നിർമ്മാണം ഒ.ഡി.എഫ്) |
| | അടങ്കൽ | 28,79,800/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 18,95,600/-, തനത് ഫണ്ട്- 984200/- ) |
| | ചെലവ് | 14,90,566/- (എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം |

മേൽ പ്രോജക്ടുകൾക്ക് ഏതൊക്കെ ബില്ല്/ ചെക്ക് പ്രകാരം തുക മാറിയിട്ടുണ്ട്, ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിശദാംശം, ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ, കരാറുടമ്പടി മുതലായവ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ എത്ര തുക ചലവഴിച്ചു, എത്ര ഗുണഭോക്താക്കൾ പദ്ധതിയാനുകൂല്യം കൈപ്പറ്റി, ഇതിൽ എത്രപേർ പണി പൂർത്തീകരിച്ചു എന്നുള്ള വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിലേക്കായി 30,61,366/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-12 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതി - കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി ക്വട്ടേഷൻ അംഗീകരിച്ചു.

പ്രോജക്ട് നം - 149/17

ഫണ്ട് - വികസന ഫണ്ട്

അടങ്കൽ - 140000/-

ചെലവ് - 1,14,660/-

ബിൽ നം - 8/2016-17

തീയതി - 29/3/2017

8.11.2010 ലെ ജി.ഒ.(പി)259/2010 തസ്വഭവ ഉത്തരവ് പ്രകാരം കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത സ്ഥാപനത്തിനു ക്വട്ടേഷൻ നൽകണമെന്നിരിക്കെ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ 28 അംഗൻവാടികൾക്ക് സ്റ്റൗ പ്രഷർ കുക്കർ എന്നിവ വാങ്ങുന്ന പദ്ധതിയിൽ കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി ക്വട്ടേഷൻ അംഗീകരിച്ചിരിക്കുന്നു.

ശബരി സ്റ്റീൽ ഫർണിച്ചറും യാഹാ ഐറിഷ് എന്നീ രണ്ടു സ്ഥാപനങ്ങളാണ് ക്വട്ടേഷൻ സമർപ്പിച്ചത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ഇനം | തുക |
|---|---|---|---|
| 1 | ശബരി സ്റ്റീൽ ഫർണിച്ചർ | പിജിയോൺ പ്രഷർ കുക്കർ - 10 ലിറ്റർ | 1590/-രൂപ<br>28@1590<br>=44520/- |
| 2 | യാഹാ ഐറിഷ് | പിജിയോൺ പ്രഷർ കുക്കർ - 10 ലിറ്റർ | 2100/-രൂപ<br>28@2100<br>=58800/- |

ഇതിൽ യാഹാ ഐറിഷ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 13/01/2017 ലെ 11(15) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഓഡിറ്റ് എൻക്വയറി നം.21നുള്ള മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ തുക (58800-44520) =14280/-രൂപ ഉത്തരവാദികളിൽ നിന്ന് തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 പ്രോജക്ട് പ്രകാരമുള്ള യഥാർത്ഥ ചെലവുതുകയും, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവു തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

തൻവർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പരിശോധിച്ചതിൽ ചെലവായ തുകയും എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുകയും തമ്മിൽ

പൊരുത്തപ്പെടുന്നില്ല.

| പ്രോജക്ട് | നിർവ്വഹണോദ്യോഗസ്ഥൻ | എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക | പ്രോജക്ട് പ്രകാരമുള്ള ചെലവ് തുക |
|---|---|---|---|
| 53 (പാലിയേറ്റീവ് പരിചരണം) | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 728750 | 911750 |
| 177 (പി.എച്ച്.സി ക്ലിനിക്കൽ ലാബ് ) | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 172007 | 270766 |
| 196 (പി.എച്ച്.സി. സബ്സെന്ററുകളിൽ ക്ലിനിക്കൽ ലാബ് മെച്ചപ്പെടുത്തൽ) | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 216400 | 279807 |
| 171 (ആരോഗ്യവർക്കർമാരുടെ സേവനം മെച്ചപ്പെടുത്തൽ) | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 152230 | 197870 |

മേൽ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും (നം.20/17 തീയതി 29.07.2017) മറുപടി നൽകിയിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നം/ ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരി ച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | സ്ഥാപനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്.ഭവന പദ്ധതി | ജി.ഒ.(ആർ.ടി) 831/2010. തീ.11.03.10 | 12136500 | - | 3072962 | - | 2343438 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,95,99,834/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,39,89,841/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 86,280/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 39,70,537/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.1 | - | 72,000/- | ശ്രീ.എസ്.ജയകുമാർ, സെക്രട്ടറി |
| 3-12 | - | 14,280/- | ശ്രീമതി. വിജയറാണി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.10 | 2,11,932/- | ഡോ.ഏവീസ് ഫിലിപ്പ്, മെഡിക്കൽ ഓഫീസർ |
| 3.11(a) | 80,000/- | ശ്രീമതി. ശ്രീദേവി.ഐ, വി.ഇ.ഒ. |
| 3.11(b) | 30,61,366/- | ശ്രീമതി .ശ്രീദേവി.ഐ, വി.ഇ.ഒ. |
| 3(8) | 6,17,239/- | ഡോ. ഏവീസ് ഫിലിപ്പ്, മെഡിക്കൽ ഓഫീസർ |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എസ്. ജയകുമാർ, സെക്രട്ടറി | | തിരുവോണം,<br>ശാന്തിപുരം, റസ്സൽപുരം. പി.ഒ. ബാലരാമപുരം. |
| ശ്രീമതി. വിജയറാണി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | അൾത്താര,<br>മലയം. പി.ഒ., മലയം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1997-98 | എൽ.എഫ്.റ്റി.ഡി./6/എ0/854/99, 31-07-1999 | 4 | - |
| 1998-99 | എൽ.എഫ്.റ്റി.ഡി./6/എ0/932/99, 20-12-2000 | 5 | - |
| 1999-00 | എൽ.എഫ്.റ്റി.ഡി./6/എ0/312/2002, 21-12-2000 | 5 | - |
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.4/118/06, 11-12-2006 | 5 | - |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.4/427/04, 01-12-2006 | 13 | - |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.4/114/06, 11-12-2006, 09-03-2012 | 3 | - |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1100/07, 18-07-2011 | 6 | - |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി4/1645/08, 15-03-2012 | 8 | - |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1646/08, 16-03-2012 | 3 | - |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.4/234/2010, 22-12-2011 | 12 | - |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.4/232/10, 17-12-2011 | 13 | - |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.4/951/2012, | 9 | - |

| | | | |
|---|---|---|---|
| | 17-07-2012 | | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1400/2011, 02-04-2013 | 11 | - |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1702/2014, 12-05-2014 | 12 | - |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.4/926/2014-2, 17-3-2014 | 8 | - |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.4/243/2015, 02-05-2015 | 11 | - |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1118/2015, | 30 | - |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1184(എ) /2016, 3-8-16 | 25 | - |
| 2015-16 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1959/2016, 15-11-16 | 19 | - |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ

അഭിപ്രായത്തിൽ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

## ന്യൂനതകളുടെ സംഗ്രഹം

1. 2015-16 സാമ്പത്തിക വർഷത്തെ Excess of income over expenditure-ന്റെ closing balance (1,77,87,675/-രൂപ) അല്ല 2016-17 സാമ്പത്തിക വർഷത്തെ Excess of income over expenditure-ന്റെ opening balance.

2. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ്‌വെയറും പഞ്ചായത്തിന്റെ വാർഷിക കണക്കുകളുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടില്ല. അതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ പൂർണ്ണമായും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥിര ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതും പൂർണ്ണമല്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.